# എബ്രായലേഖനത്തിന്റെ ജീവ-പഠനം

### ദൂത് മുപ്പത്തിരണ്ട്

## ശാശ്വതനും വലിയവനുമായ രാജകീയ മഹാപുരോഹിതൻ

Tue — കഴിഞ്ഞ ദൂതിൽ നമ്മുടെ ക്രിസ്തു വ്യക്തിനിഷ്ഠമായി വസ്തുനിഷ്ഠനാണെന്ന് ഞങ്ങൾ പറഞ്ഞിരുന്നു. ഇതെന്താണ് അർഥമാക്കുന്നത്? ഇത് വളരെ ആവേശകരമായ ഒരു കാര്യമാണ്. 1968-ലെ ഒരു രാത്രിയിൽ ഒരു സഹോദരൻ എന്നോടു പറഞ്ഞു, "സഹോദരൻ ലീ, മുഴുവൻ അമേരിക്കയിലും പ്രസംഗകരും പാസ്റ്റർമാരും ശുശ്രൂഷകരും വർഷങ്ങളായി ജനത്തോട് സ്വർഗത്തിലുള്ള കർത്താവിനെ നോക്കുവാൻ പറഞ്ഞുകൊണ്ടിരിക്കുന്നു. എന്നാൽ ഈ രാജ്യത്തിലേക്കു വന്നതുമുതൽ, കർത്താവിനെ സന്ധിക്കുവാൻ തങ്ങളുടെ ആത്മാവിലേക്കു തിരിയണമെന്ന് താങ്കൾ ജനത്തോടു പറയുന്നു. ഇത് തികച്ചും വ്യത്യസ്തമാണ്. രണ്ടു ദിശകളുണ്ടെന്ന് ഇതു തോന്നിക്കുന്നു." അതെ, ഈ രണ്ടു ദിശകളുണ്ടെന്നതിനു സംശയമില്ല. കഴിഞ്ഞ ദൂതിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ, കർത്താവ് ഇന്ന് ഭൂമിയിലല്ല, സ്വർഗത്തിൽ സിംഹാസനത്തിലാണ്. ഇക്കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ കർത്താവ് സ്വർഗത്തിലെ സിംഹാസനത്തിൽ മാത്രമാണെങ്കിൽ, ഭൂമിയിലെ ജനത്തിന് അവനെ എങ്ങനെ അവരുടെ ജീവനായി സ്വീകരിക്കുവാൻ കഴിയും? അവൻ സ്വർഗത്തിൽ മാത്രമായിരുന്നെങ്കിൽ, അവനെ നമ്മുടെ ദൈനംദിന ജീവനായും ജീവസഹായമായും എടുക്കുവാൻ നമ്മിൽനിന്നും വളരെയേറെ അകലെയായിരിക്കും. വാസ്തവത്തിൽ വസ്തുനിഷ്ഠനായ കർത്താവിന് നമ്മുടെ ദൈനംദിന ജീവിതത്തിൽ എങ്ങനെ വ്യക്തിനിഷ്ഠനായിത്തീരുവാൻ കഴിയും? ഇതാണ് പ്രശ്നം.

ഈ ചോദ്യത്തിനുള്ള ഉത്തരത്തിന്റെ രഹസ്യം എബ്രായലേഖനത്തിലുണ്ട്. എബ്രായലേഖനത്തിലെ ഈ രഹസ്യം ദേഹിയെയും ആത്മാവിനെയും വേർവിടുവിക്കുന്നതിനെക്കുറിച്ചു പറയുന്ന 4:12-ലുണ്ട്. പ്രത്യക്ഷമായി യാതൊരു കാരണവുമില്ലാതെ എഴുത്തുകാരൻ പെട്ടെന്ന് ഈ കാര്യം അവതരിപ്പിക്കുന്നുവെന്ന്

തോന്നാം. നാലാം അധ്യായം ശബ്ബത്തിൻ വിശ്രമത്തക്കുറിച്ചു പറയുന്നു. ഉപദേശപരമായി പറഞ്ഞാൽ, ശബ്ബത്തിൻ വിശ്രമത്തിനും നമ്മുടെ മനുഷ്യാത്മാവിനും തമ്മിൽ യാതൊരു ബന്ധവുമില്ല. ശബ്ബത്തിൻ വിശ്രമം ശബ്ബത്തിൻ വിശ്രമവും, നമ്മുടെ മനുഷ്യാത്മാവ് നമ്മുടെ മനുഷ്യാത്മാവും ആണ്. ഈ രണ്ടു കാര്യങ്ങളെയും പരസ്പരം അകറ്റിനിർത്തിയിരിക്കുന്നു എന്നു തോന്നാം. എന്നാൽ "സ്വർഗത്തിലൂടെ കടന്നുപോയ ശ്രേഷ്ഠ മഹാപുരോഹിതനായി ദൈവപുത്രനായ യേശു ഉള്ളതുകൊണ്ട്" എന്ന് 4:14-ഉം, "ധൈര്യത്തോടെ കൃപയുടെ സിംഹാസനത്തിലേക്കു മുമ്പോട്ടുവരാൻ" വാക്യം 16-ഉം നമ്മോടു പറയുന്നു. നമ്മുടെ ശ്രേഷ്ഠമഹാപുരോഹിതൻ സ്വർഗത്തിൽ സിംഹാസനത്തിലാണ്. എങ്ങനെ നമുക്ക് അവനെ സ്പർശിക്കുവാൻ കഴിയും? എങ്ങനെ നമുക്ക് അവനെ അനുഭവിക്കുവാൻ കഴിയും?

എബ്രായലേഖനത്തിന്റെ എഴുത്തുകാരൻ നമ്മോടു പറയുന്നു "മുമ്പോട്ടുവരുക." ഈ പദപ്രയോഗത്തെക്കുറിച്ച് എനിക്ക് ഒരു വാക്കു പറയാനുണ്ട്. എബ്രായലേഖനത്തിൽ ഇത് നിരവധി തവണ ഉപയോഗിച്ചിട്ടുണ്ട്: "കൃപയുടെ സിംഹാസനത്തിലേക്കു മുമ്പോട്ടുവരുക" (4:16); " അതിവിശുദ്ധസ്ഥലത്തേക്ക് മുമ്പോട്ട് കടന്നുവരാം" (10:22); "ദൈവത്തിന്റെ അടുക്കൽ മുമ്പോട്ടുവരുക" (7:25; 11:6). നാം മൂന്നു കാര്യങ്ങളിലേക്ക് മുമ്പോട്ടു വരേണ്ടതതാവശ്യമാണ്: അതിവിശുദ്ധസ്ഥലത്തേക്കും, കൃപയുടെ സിംഹാസനത്തിലേക്കും, ദൈവത്തിന്റെ അടുക്കലേക്കും. പിന്നോട്ടു പിൻവലിയരുത്—മുമ്പോട്ടുവരുക. യവനഭാഷയിൽ, "മുമ്പോട്ടുവരുക" എന്നത് ഒറ്റ വാക്കാണ്. മിക്ക ഭാഷ്യങ്ങളും സമീപിക്കുക, അടുത്തേക്കു വരിക, അഥവാ അടുത്തു വരിക എന്ന് വിവർത്തനം ചെയ്യുന്നു. എങ്കിലും, മികച്ച യവനഭാഷാ ശബ്ദകോശപ്രകാരം, ഈ പദത്തിന്റെ പ്രാഥമിക അർഥം മുമ്പോട്ടുവരുക എന്നാണ്.

എബ്രായലേഖനത്തിന്റെ പശ്ചാത്തലം നാം മനസ്സിലാക്കേണ്ടതാവശ്യമാണ്. നാം ഇതിനകം വ്യക്തമായി കണ്ടതുപോലെ, ഈ പുസ്തകത്തിന്റെ സ്വീകർത്താക്കളായ എബ്രായ വിശ്വാസികൾ പിന്നോട്ട് പിൻവലിയുമെന്ന അപകടത്തിലായിരുന്നു. അവർ ചാഞ്ചാടുകയും ശങ്കിക്കുകയും ചെയ്തിരുന്നതിനാൽ അവർ മുമ്പോട്ടുവരുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുവാൻ എഴുതപ്പെട്ടതായിരുന്നു എബ്രായലേഖനം. മുമ്പോട്ടുപോകാനല്ല, മുമ്പോട്ടുവരാനാണ് എഴുത്തുകാരൻ അവരോടു പറഞ്ഞത്. ഇതർഥമാക്കുന്നത്, എഴുത്തുകാരൻ ഒരു പ്രത്യേക സ്ഥലത്തായിരുന്നുവെന്നും, താൻ ആയിരുന്ന ഇടത്തേക്ക് തന്റെ വായനക്കാർ മുമ്പോട്ടുവരണമെന്ന് താൻ ആഗ്രഹിച്ചുവെന്നും ആണ്. അതുകൊണ്ട് അവൻ അവരോട് അതിവിശുദ്ധസ്ഥലത്തേക്കും,

കൃപയുടെ സിംഹാസനത്തിലേക്കും, ദൈവത്തിന്റെ അടുക്കലേക്കും വരുവാൻ പറഞ്ഞു. ദൈവം എവിടെയാണ്? ദൈവം കൃപയുടെ സിംഹാസനത്തിലാണ്. കൃപയുടെ സിംഹാസനം എവിടെയാണ്? അത് അതിവിശുദ്ധസ്ഥലത്താണ്. ഈ പുസ്തകം എഴുതുന്ന സമയത്ത് എഴുത്തുകാരൻ അതിവിശുദ്ധസ്ഥലത്തായിരുന്നു കൊണ്ട്, എബ്രായ സഹോദരന്മാരോട് മുമ്പോട്ടുവരാൻ ആഹ്വാനം ചെയ്തു.

ഈ ഘട്ടത്തിൽ നമുക്കൊരു പ്രശ്നമുണ്ട്. അതിവിശുദ്ധസ്ഥലവും കൃപയുടെ സിംഹാസനവും എവിടെയാണ്? നമ്മുടെ അനുഭവമനുസരിച്ച്, അവ നമ്മുടെ ആത്മാവിനോട് യോജിപ്പിച്ചിരിക്കുന്നു എന്നു നാം പറയും. അതിവിശുദ്ധസ്ഥലവും കൃപയുടെ സിംഹാസനവും നമ്മുടെ ആത്മാവിനോട് യോജിപ്പിച്ചിരിക്കുന്നെങ്കിൽ, നിശ്ചയമായും ദൈവം നമ്മുടെ ആത്മാവിലായിരിക്കണം, കാരണം ദൈവം കൃപയുടെ സിംഹാസനത്തിലാണ്. അതിവിശുദ്ധസ്ഥലവും കൃപയുടെ സിംഹാസനവും നമ്മുടെ ആത്മാവിനോട് യോജിപ്പിച്ചിരിക്കുന്നിടത്തോളം, ദൈവം നമ്മുടെ ആത്മാവിൽ ഉണ്ടായിരിക്കണം.

അതിവിശുദ്ധസ്ഥലവും കൃപയുടെ സിംഹാസനവും എവിടെയാണെന്ന് നിങ്ങൾ പല ക്രിസ്ത്യാനികളോടും ചോദിച്ചാൽ, അവ സ്വർഗത്തിലാണെന്ന് അവർ പറയും. ഇങ്ങനെ പറയുന്നതിനുള്ള ശക്തമായ ഒരു അടിത്തറ വേദപുസ്തകത്തിലുണ്ട്. ഉപദേശപരമായി പറഞ്ഞാൽ, ഇങ്ങനെ പറയുന്നത് തികച്ചും ശരിയാണ്. എന്നിരുന്നാലും, നാം ഈ ചോദ്യം ചോദിക്കണം: കൃപയുടെ സിംഹാസനം സ്വർഗത്തിലും നാം ഭൂമിയിലുമാണെങ്കിൽ, നമുക്കെങ്ങനെ അതിലേക്ക് മുമ്പോട്ടുവരാൻ കഴിയും? ഇന്ന് ഭൂമിയിലായിരിക്കുന്ന നമുക്ക് സ്വർഗത്തിലെ കൃപയുടെ സിംഹാസനത്തെ സ്പർശിക്കുവാൻ എന്തെങ്കിലും മാർഗമുണ്ടോ? അവരുടെ ദൈവശാസ്ത്രമനുസരിച്ച്, ഇന്ന് നിരവധി ക്രിസ്ത്യാനികൾക്കും കൃപയുടെ സിംഹാസനത്തെ തൊടുവാൻ യാതൊരു മാർഗവുമില്ല. കൃപയുടെ സിംഹാസനം അവരിൽനിന്നും വളരെ അകലെയാണ്. സ്വർഗത്തിലെ അതിവിശുദ്ധസ്ഥലവും വളരെ അകലെയാണ്. അതെ, ഉപദേശപരമായി പറഞ്ഞാൽ, അതിവിശുദ്ധസ്ഥലവും കൃപയുടെ സിംഹാസനവും സ്വർഗത്തിലാണെന്നതിനു സംശയമില്ല. നാമെല്ലാവരും ഭൂമിയിലായതിനാൽ, നമുക്കെങ്ങനെ അതിവിശുദ്ധസ്ഥലത്തു പ്രവേശിക്കുവാനും കൃപയുടെ സിംഹാസനത്തെ സ്പർശിക്കുവാനും കഴിയും? ഇന്ന് ക്രിസ്തുവും വസ്തുനിഷ്ഠമായി സ്വർഗത്തിലെ സിംഹാസനത്തിലാണ്. വസ്തുനിഷ്ഠനായ ഈ ക്രിസ്തുവിന് എങ്ങനെ നമ്മുടെ വ്യക്തിനിഷ്ഠമായ അനുഭവമായിരിക്കുവാൻ കഴിയും? വസ്തുനിഷ്ഠമായ ഉപദേശങ്ങൾ അനുസരിച്ച്, യാതൊരു മാർഗവുമില്ല.

ദൈവത്തിന്റെ ഭവനമായ ബെഥേൽ എന്നു വിളിക്കപ്പെടുന്ന ഒരു സ്ഥലത്തെക്കുറിച്ച് വേദപുസ്തകം സംസാരിക്കുന്നു (ഉല്പ. 28:19). ഈ സ്ഥലത്ത് ഭൂമിയെയും സ്വർഗത്തെയും യോജിപ്പിക്കുന്ന ഗോവണി ഉണ്ട് (ഉല്പ. 28:12); ഈ ഗോവണിയിൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നു. ഗോവണി ഭൂമിയെ സ്വർഗത്തോടും സ്വർഗത്തെ ഭൂമിയോടും യോജിപ്പിക്കുന്നുവെന്ന് ഇതു സൂചിപ്പിക്കുന്നു. ദൂതന്മാർ കയറുന്നതും ഇറങ്ങുന്നതും സൂചിപ്പിക്കുന്നതുപോലെ, ഭൂമിക്കും സ്വർഗത്തിനുമിടയിൽ വളരെയധികം ഗതാഗതമുണ്ട്. ഈ ഗതാഗതം ദൈവഭവനമായ ബെഥേൽ എന്ന ഭൂമിയിലെ ഒരു സവിശേഷ സ്ഥലത്തല്ലാതെ മറ്റൊരിടത്തും കണ്ടെത്തുവാൻ കഴിയുകയില്ല.

ഭൂമിയും സ്വർഗവും തമ്മിലുള്ള ഗതാഗതത്തിന്റെ ഒരു ചിത്രമായി നമുക്ക് വൈദ്യുതിയെ ഉപയോഗിക്കാം. ഒരു വൈദ്യുതിനിലയം നിങ്ങളുടെ വീട്ടിൽനിന്നും വളരെ അകലെയായിരിക്കാം, എന്നാൽ നിങ്ങളുടെ വീടിനും വൈദ്യുതിനിലയത്തിനും ഇടയിൽ വൈദ്യുതിയുടെ ഗതാഗതമുണ്ട്. കമ്പികൾ വൈദ്യുതിനിലയത്തിൽ നിന്നുള്ള വൈദ്യുതിയെ നിങ്ങളുടെ വീട്ടിലേക്കു കൊണ്ടുവരുന്നു. ഇതുപോലെ, ഭൂമിക്കും സ്വർഗത്തിനുമിടയിൽ ഗതാഗതമുണ്ട്. ക്രിസ്തു ആണ് ഈ ഗതാഗതം സാധ്യമാക്കുന്ന ഗോവണി. ഈ ഗോവണിയിന്മേൽ വളരെയധികം കയറലും ഇറങ്ങലും ഉണ്ട്. ഈ ഗോവണി ദൈവഭവനത്തിലാണ്.

എങ്കിലും ഇതെല്ലാം ഇപ്പോഴും ഉപദേശപരമാണ്. ഇന്ന് ഭൂമിയിൽ ദൈവഭവനം എവിടെയാണ്? അനവധി വർഷങ്ങൾ വേദപുസ്തകം പഠിച്ചശേഷം, ഒടുവിൽ ദൈവഭവനമായ ബെഥേൽ നമ്മുടെ ആത്മാവിലാണെന്ന് ഞാൻ കണ്ടെത്തി. എഫെസ്യർ 2:22 (യവനഭാഷ) പറയുന്നു, നാം "ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒരുമിച്ച് പണിയപ്പെടുന്നു." സഭ ഇന്ന് ദൈവഭവനമായ ദൈവത്തിന്റെ വാസസ്ഥലമാണ്, ഇത് നമ്മുടെ ആത്മാവിലാണ്. സഭാജനമായ നാമെല്ലാവരും നമ്മുടെ ആത്മാവിൽ ഒരുമിച്ച് കൂടിവരുമ്പോൾ, ബെഥേൽ എന്ന ദൈവഭവനം ഇവിടെയുണ്ട്. ഉടനെ, ആ സ്ഥലം സ്വർഗത്തോട് യോജിപ്പിക്കപ്പെടുന്നു, കാരണം ഭൂമിയെ സ്വർഗത്തോട് യോജിപ്പിക്കുകയും സ്വർഗത്തെ ഭൂമിയിലേക്ക് കൊണ്ടുവരുകയും ചെയ്യുന്ന ഒരു ഗോവണി അവിടെ ഉണ്ട്. സ്വമേധയാ, നമുക്ക് ഭൂമിക്കും സ്വർഗത്തിനുമിടയിൽ ഗതാഗതം ഉണ്ട്. എന്നാൽ, നാം നമ്മുടെ ആത്മാവിൽനിന്നു പുറത്തുവരുകയും നമ്മുടെ മനസ്സിലേക്കോ വികാരങ്ങളിലേക്കോ കടക്കുകയും ചെയ്യുമ്പോഴെല്ലാം ബെഥേൽ അപ്രത്യക്ഷമാകുന്നു. ബെഥേൽ ഇന്ന് എവിടെയാണ്? അത് നമ്മുടെ ആത്മാവിലാണ്. ദൈവത്തിന്റെ ഭവനമായ ബെഥേൽ നമ്മുടെ ആത്മാവിലായതിനാൽ, നമ്മുടെ

ആത്മാവാണ് നമ്മെ സ്വർഗത്തോട് യോജിപ്പിക്കുകയും സ്വർഗത്തെ നമ്മിലേക്കു കൊണ്ടുവരുകയും ചെയ്യുന്ന സ്വർഗീയ ഗോവണി ആയ ക്രിസ്തു ഉള്ള സ്ഥലം. ഈ വെളിപാടനുസരിച്ചും നമ്മുടെ അനുഭവമനുസരിച്ചും, അതിവിശുദ്ധസ്ഥലവും കൃപയുടെ സിംഹാസനവും നമ്മുടെ ആത്മാവിനോടു യോജിപ്പിച്ചിരിക്കുന്നുവെന്ന് നമുക്ക് ധൈര്യത്തോടെ പറയാം.

ഇതുകൊണ്ടാണ് നാം ആദ്യം നമ്മുടെ ദേഹിയെ നമ്മുടെ ആത്മാവിൽനിന്ന് വേർവിടുവിക്കുന്നത് അനുഭവിക്കണമെന്നും, ഇതേത്തുടർന്ന് അതിവിശുദ്ധസ്ഥലത്തേക്കും, കൃപയുടെ സിംഹാസനത്തിലേക്കും, അതിവിശുദ്ധസ്ഥലത്തും കൃപയുടെ സിംഹാസനത്തിലുമുള്ള ദൈവത്തിന്റെ അടുക്കലേക്കും നമുക്ക് മുമ്പോട്ടുവരുവാൻ കഴിയുമെന്നും എബ്രായലേഖനത്തിന്റെ എഴുത്തുകാരൻ 4:12-ൽ നമ്മോടു പറഞ്ഞത്. ഈ അനുഭവത്തിന്റെ രഹസ്യം ദേഹിയുടെയും ആത്മാവിന്റെയും വേർവിടുവിക്കലാണ്.

Wed — ക്രിസ്തു നമുക്ക് വസ്തുനിഷ്ഠനാണോ? അതെ, അവൻ വാസ്തവത്തിൽ വസ്തുനിഷ്ഠനാണ്. എന്നിരുന്നാലും, അനുഭവത്തിൽ അവൻ നമുക്ക് വ്യക്തിനിഷ്ഠമായി വസ്തുനിഷ്ഠനാണ്. വാസ്തവത്തിൽ, അവൻ വസ്തുനിഷ്ഠനായിരിക്കുന്നത് അവൻ സ്വർഗത്തിലായതുകൊണ്ടാണ്. എന്നാൽ അവനെ അനുഭവമാക്കുവാൻ നാം സ്വർഗത്തിൽ പോകേണ്ട ആവശ്യമില്ല. ഇന്നു നാം ഭൂമിയിലായിരിക്കുമ്പോൾ, സ്വർഗത്തിലുള്ള ക്രിസ്തുവിനെ നമ്മുടെ ആത്മാവിൽ നമുക്ക് അനുഭവമാക്കുവാൻ കഴിയും. ക്രിസ്തു വസ്തുനിഷ്ഠനാണെങ്കിലും, ക്രിസ്തുവിലുള്ള നമ്മുടെ അനുഭവം വ്യക്തിനിഷ്ഠമാണ്. നമുക്ക് വസ്തുനിഷ്ഠനായ ക്രിസ്തുവിന്റെ വ്യക്തിനിഷ്ഠമായ അനുഭവമുണ്ട്. വസ്തുനിഷ്ഠനായ ക്രിസ്തുവിനെ നമ്മുടെ വ്യക്തിനിഷ്ഠമായ അനുഭവത്തിലേക്ക് എങ്ങനെ പ്രസരണം ചെയ്യുവാൻ കഴിയും? നമ്മെ സ്വർഗത്തോട് യോജിപ്പിക്കുകയും സ്വർഗത്തെ നമ്മിലേക്കു കൊണ്ടുവരുകയും ചെയ്യുന്ന സ്വർഗീയ ഗോവണിയാൽ അതു സാധിക്കും. വളരെ അകലെയുള്ള വൈദ്യുതിനിലയത്തിലെ വസ്തുനിഷ്ഠമായ വൈദ്യുതി നമ്മുടെ വീടുകളിൽ വൈദ്യുതിയുടെ വ്യക്തിനിഷ്ഠ പ്രയോഗമായിത്തീരുന്നത് എങ്ങനെയാണ്? വൈദ്യുതിനിലയത്തിൽനിന്നും നമ്മുടെ വീടുകളിലേക്ക് വൈദ്യുതിപ്രവാഹത്തെ കൊണ്ടുവരുന്ന കമ്പികളിലൂടെ അതു സംഭവിക്കുന്നു. വാസ്തവത്തിൽ, വൈദ്യുതിനിലയത്തിൽ വസ്തുനിഷ്ഠമായി വൈദ്യുതി ഉണ്ടെങ്കിലും, പ്രയോഗത്തിൽ അത് നമ്മുടെ വീടുകളിൽ വ്യക്തിനിഷ്ഠമായി ഉണ്ട്. അതേ രീതിയിൽ, വസ്തുനിഷ്ഠനായ ക്രിസ്തുവിനെ നമുക്ക് വ്യക്തിനിഷ്ഠമായി അനുഭവിക്കുവാൻ കഴിയും. നാം ഭൂമിയിലായിരിക്കുമ്പോൾ, സ്വർഗത്തിലുള്ള ക്രിസ്തുവിനെ നമുക്ക് അനുഭവിക്കുവാൻ കഴിയും.

ഇത് അത്ഭുതകരമാണ്. അനുദിനം സ്വർഗത്തിലുള്ള ക്രിസ്തുവിനെ ഞാൻ അനുഭവിക്കുന്നു. അവൻ വസ്തുനിഷ്ഠനാണെങ്കിലും, എന്റെ അനുഭവത്തിൽ അവൻ വ്യക്തിനിഷ്ഠനാണ്.

ക്രിസ്തു ഇന്നെവിടെയാണ്? ഈ ചോദ്യത്തിന് ലളിതമായ രീതിയിൽ ഉത്തരം നൽകുവാൻ കഴിയുകയില്ല. വാസ്തവത്തിൽ, വസ്തുനിഷ്ഠമായി ക്രിസ്തു സ്വർഗത്തിലാണെന്ന് നാം പറയും, എന്നാൽ നമ്മുടെ അനുഭവത്തിൽ, അവൻ വ്യക്തിനിഷ്ഠനായി നമ്മുടെ ആത്മാവിൽ ഉണ്ട്. ഈ വിധത്തിൽ, സ്വർഗത്തിലുള്ള വസ്തുനിഷ്ഠനായ ക്രിസ്തു നമ്മുടെ ആത്മാവിൽ വ്യക്തിനിഷ്ഠമായ അനുഭവമായിത്തീരുന്നു. നാം ക്രിസ്തുവിലുള്ള അനുഭവത്തിന്റെ രണ്ടാം നിലയിലായിരിക്കണമെന്ന് കഴിഞ്ഞ ദൂതിൽ നാം കണ്ടു. ഈ രണ്ടാം നില എവിടെയാണ്? അതിനെ നമ്മുടെ ആത്മാവിനോട് യോജിപ്പിച്ചിരിക്കുന്നു. ഈ രണ്ടാം നിലയെ നമ്മുടെ ആത്മാവിനോട് യോജിപ്പിച്ചിരിക്കുന്നതുകൊണ്ട്, സ്വർഗത്തിലുള്ള ക്രിസ്തുവിനെ അനുഭവിക്കുവാൻ നമ്മുടെ ആത്മാവിലേക്കു നാം തിരിയണം.

## I. രാജകീയ മഹാപുരോഹിതൻ

നമ്മുടെ ആത്മാവിൽ വ്യക്തിനിഷ്ഠമായി അനുഭവിക്കുവാൻ കഴിയുന്ന സ്വർഗത്തിലുള്ള ക്രിസ്തു മുഖ്യമായും മഹാപുരോഹിതനാണ്. എബ്രായലേഖനം സ്വർഗീയ ക്രിസ്തുവിൽ കേന്ദ്രീകരിച്ചിരിക്കുന്നു, ഈ സ്വർഗീയ ക്രിസ്തുവിനെ സംബന്ധിച്ച മുഖ്യമായ വിഷയം അവൻ മഹാപുരോഹിതനാകുന്നു എന്നതാണ്. ഇവിടുത്തെ മുഖ്യമായ വിഷയം ക്രിസ്തു രക്ഷകനോ വീണ്ടെടുപ്പുകാരനോ എന്നതല്ല, സ്വർഗീയ ക്രിസ്തു എന്ന നിലയിൽ അവൻ മഹാപുരോഹിതനാകുന്നു എന്നതാണ്. ഇക്കാരണത്താലാണ് എബ്രായലേഖനം പ്രാഥമികമായി ക്രിസ്തുവിന്റെ പൗരോഹിത്യം സംബന്ധിച്ചതായിരിക്കുന്നത്. ദയവായി ഇനിപ്പറയുന്ന പ്രസ്താവനകൾ ഓർക്കുക: എബ്രായ ലേഖനത്തിന്റെ കേന്ദ്രബിന്ദു സ്വർഗീയ ക്രിസ്തുവാണ്, സ്വർഗീയ ക്രിസ്തുവിന്റെ മുഖ്യമായ വിഷയം അവൻ മഹാപുരോഹിതനായിരിക്കുന്നു എന്നാണ്, എബ്രായലേഖനം പ്രാഥമികമായും ക്രിസ്തുവിന്റെ പൗരോഹിത്യത്തെ സംബന്ധിച്ചാണ്.

മിക്ക ക്രിസ്ത്യാനികൾക്കിടയിലും, ക്രിസ്തുവിന്റെ പൗരോഹിത്യം വളരെ താഴ്ത്തപ്പെട്ടിരിക്കുന്നു. മിക്ക ക്രിസ്ത്യാനികളും ക്രിസ്തുവിനെക്കുറിച്ച് നമ്മുടെ മഹാപുരോഹിതനെന്ന നിലയിൽ സംസാരിക്കുമ്പോഴെല്ലാം, നമ്മുടെ പാപങ്ങൾക്കുവേണ്ടി ദൈവത്തിന് യാഗങ്ങൾ അർപ്പിക്കുന്ന മഹാപുരോഹിതൻ എന്ന ആശയമാണ് ഇപ്പോഴും പിടിച്ചിരിക്കുന്നത്. തീർച്ചയായും ഇത് ശരിയാണ്. എന്നാൽ അത് പ്രതിലോമ വശത്താണ്. നമ്മുടെ

പാപങ്ങൾക്കുവേണ്ടി ദൈവത്തിന് യാഗങ്ങൾ അർപ്പിക്കുന്ന മഹാപുരോഹിതനായ ക്രിസ്തു അഹരോനാൽ മുൻകുറിക്കപ്പെടുന്നു. അത് കഴിഞ്ഞകാലത്തായിരുന്നു. ഇന്ന് ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി യാഗങ്ങൾ അർപ്പിക്കുന്നില്ല, മറിച്ച് നമ്മുടെ സഹായമായി ദൈവത്തെ നമുക്കു ശുശ്രൂഷിക്കുന്നു. കഴിഞ്ഞകാലത്ത്, അഹരോൻ മുൻകുറിച്ചതുപോലെ ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി ദൈവത്തിന് യാഗങ്ങൾ അർപ്പിച്ചു. ഇന്ന് അവൻ മൽക്കീസേദെക്കിന്റെ ക്രമപ്രകാരം നമ്മുടെ സഹായമായി ദൈവത്തെ ശുശ്രൂഷിക്കുന്നു.

അബ്രാഹാമിന്റെ അടുക്കലേക്കുള്ള മൽക്കീസേദെക്കിന്റെ വരവിനാൽ ഇത് തെളിയിക്കപ്പെടുന്നു (ഉല്പ. 14:18-22). വേദപുസ്തകത്തിൽ പുരോഹിതൻ എന്ന പദത്തിന്റെ ആദ്യത്തെ പരാമർശം മൽക്കീസേദെക്കിനോടുകൂടെയാണ്. മൽക്കീസേദെക്ക് അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനായിരുന്നു. അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനെന്ന നിലയിൽ, മൽക്കീസേദെക്ക് അബ്രാഹാമിന്റെ പാപത്തിനുവേണ്ടി യാഗങ്ങൾ അർപ്പിച്ചില്ല: അവൻ അവന് അപ്പവും വീഞ്ഞും ശുശ്രൂഷിച്ചു. വേദപുസ്തകത്തിൽ കർത്താവിന്റെ മേശയുടെ അടയാളങ്ങൾ ചൂണ്ടിക്കാണിക്കുന്ന അപ്പവും വീഞ്ഞും പ്രക്രിയാവിധേയനായ ദൈവത്തെ നമ്മുടെ സഹായമായി സൂചിപ്പിക്കുന്നു. നമ്മുടെ മഹാപുരോഹിതനായ ക്രിസ്തു, ദൈവത്തിന് യാഗങ്ങൾ അർപ്പിക്കുന്ന അഹരോന്റെ ക്രമപ്രകാരമുള്ളവനല്ല: പ്രക്രിയാവിധേയനായ ദൈവത്തെ നമുക്കു ശുശ്രൂഷിക്കുന്ന മൽക്കീസേദെക്കിന്റെ ക്രമപ്രകാരമുള്ളവനാണ്.

നാം ആരാണ്? നാം ഇനി ദരിദ്രരായ പാപികളല്ല, വിജയികളായ പോരാളികളാണ്. മൽക്കീസേദെക് അബ്രാഹാമിന്റെ അടുത്തു വന്നപ്പോൾ, അബ്രാഹാം ദയനീയനായ ഒരു പാപിയായിരുന്നുകൊണ്ട് ഇങ്ങനെ യാചിക്കുകയായിരുന്നില്ല, "ഓ, പുരോഹിതനായ മൽക്കിസേദെക്കേ, എന്നോട് കരുണയുണ്ടായിരിക്കേണമേ. ഞാൻ എത്ര പാപിയാണെന്നു നോക്കുക. എന്റെ പാപങ്ങൾക്കായി നീ വേണ്ടതു ചെയ്യണം. എന്റെ സാഹചര്യം വളരെ മോശമാണ്. എനിക്കുവേണ്ടി നീ ദൈവത്തിന് എല്ലാ യാഗങ്ങളെയും അർപ്പിക്കണം." അബ്രാഹാം അങ്ങനെയുള്ള ഒരു സാഹചര്യത്തിലായിരുന്നില്ല. മൽക്കീസേദെക്ക് അവന്റെ അടുത്തു വന്നപ്പോൾ അബ്രാഹാം വിജയിയും, പോരാളിയും, സംഹാരകനുമായിരുന്നു. അബ്രാഹാം കെദൊർലായോമെരിനെയും മറ്റു രാജാക്കന്മാരെയും സംഹരിച്ചിട്ട് വന്നതേയുള്ളൂ (ഉല്പ. 14:17). അബ്രാഹാം നിരവധി കൊള്ള കൊണ്ടുവന്ന വിജയിയായ ഒരു പോരാളിയായിരുന്നു. നിങ്ങൾ എന്താണ്—ദരിദ്രരായ പാപികളോ, അതോ വിജയികളായ പോരാളികളോ? സഭാജീവിതത്തിൽ നാം ദയനീയരായ പാപികളല്ല,

വിജയികളായ പോരാളികളാണെന്നു പറയുവാൻ എനിക്ക് സന്തോഷമുണ്ട്.

നാം ഇനി അഹരോനോടുകൂടെ ലേവ്യപുസ്തകത്തിലല്ല, നാം മൽക്കീസേദെക്കിനോടുകൂടെ ഉല്പത്തി 14-ലാണ്. നമുക്കിനി അഹരോൻ ഇല്ല, കാരണം അഹരോൻ കഴിഞ്ഞുപോയി. നാം ഇപ്പോൾ മൽക്കീസേദെക്കിനോടു കൂടെയാണ്. ഇന്നു നമ്മുടെ ക്രിസ്തു അഹരോനെക്കാൾ വളരെ ഉന്നതനാണ്. ലേവ്യാപുസ്തകത്തിൽ നാം അഹരോനെ വിലമതിക്കേണ്ടതുണ്ട്, എന്നാൽ എബ്രായലേഖനത്തിലേക്കു വരുമ്പോൾ അഹരോൻ കഴിഞ്ഞുപോയി എന്നു നാം പറയണം. എബ്രായലേഖനത്തിൽ മൽക്കീസേദെക്ക് നമ്മുടെ മഹാപുരോഹിതനാണ്. നാം ഇനി ലേവ്യപുസ്തകത്തിൽ തങ്ങുവാൻ ആഗ്രഹിക്കുന്നില്ല, മറിച്ച് ഏറ്റവും പുറകിലുള്ള ഉല്പത്തിയിലെ ആരംഭത്തിലേക്കു മടങ്ങിപ്പോകുന്നു. ഇത് ഒരു യഥാർഥ പ്രത്യുദ്ധാരമാണ്. നമുക്ക് ഉല്പത്തി 14-ലേക്ക് മടങ്ങിപ്പോകാം, അവിടെ പുരോഹിതൻ ദയനീയരായ പാപികൾക്കുവേണ്ടി യാഗങ്ങൾ അർപ്പിക്കുന്നതു നാം കാണുന്നില്ല, പ്രത്യുത മഹത്തായ വിജയികൾക്ക് അപ്പവും വീഞ്ഞും ശുശ്രൂഷിക്കുന്നു.

പകൽ മുഴുവൻ നാം നിരവധി കെദൊർലായോമെരുകളെ സംഹരിച്ചതുകൊണ്ട്, രാത്രി നാം ഉറങ്ങാൻ പോകുന്നതിനുമുമ്പ് മൽക്കീസേദെക്ക് നമുക്ക് അപ്പവും വീഞ്ഞും ശുശ്രൂഷിക്കുവാൻ വന്നുവെങ്കിൽ നാം എത്ര സന്തോഷമുള്ളവരായിരിക്കും. പകൽ മുഴുവൻ ചില കെദൊർലായോമെരുകളെ നാം സംഹരിക്കണം. യെഹൂദമതത്തെയും കത്തോലിക്കാ മതത്തെയും പ്രൊട്ടസ്റ്റന്റ് മതത്തെയും നിരവധി പ്രതിലോമ കാര്യങ്ങളെയും നാം സംഹരിക്കണം. പകൽസമയത്ത് നാം ശത്രുക്കളെ സംഹരിക്കുമെങ്കിൽ, എല്ലാ വൈകുന്നേരവും നമുക്ക് വലിയ കൊള്ളമുതൽ ഉണ്ടായിരിക്കും. അപ്പോൾ നമ്മുടെ മൽക്കീസേദെക്ക് വന്നു പറയും, "നിന്റെ വിജയത്തിനുശേഷം നീ ക്ഷീണിതനാണോ? ഇതാ അപ്പവും വീഞ്ഞും, നിന്റെ ആസ്വാദനത്തിനായി പ്രക്രിയാവിധേയനായ ദൈവം." ദയനീയരായ പാപികൾക്കുവേണ്ടി പാപയാഗങ്ങൾ അർപ്പിക്കുന്നതല്ല, വിജയികളായ പോരാളികൾക്ക് ദൈവത്തെ ശുശ്രൂഷിക്കുവാൻ വരുന്നതാണ് അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതന്റെ ശുശ്രൂഷ. സത്യസന്ധമായി എന്നോട് പറയൂ, നമുക്ക് ഇങ്ങനെയുള്ള ഒരു മഹാപുരോഹിതൻ ഉണ്ടെന്ന് നിങ്ങൾ മുമ്പു കണ്ടിട്ടുണ്ടോ? ഞാൻ മതത്തിലായിരുന്നപ്പോൾ ഇത് ഒരിക്കലും കണ്ടിരുന്നില്ല.

## A. നീതിയുടെ രാജാവ്

ഈ മഹാപുരോഹിതൻ മറ്റൊരു ക്രമത്തിലുള്ളവനാണ്, അഹരോന്റെ ക്രമത്തിലല്ല, മൽക്കീസേദെക്കിന്റെ ക്രമത്തിലുള്ളവൻ.

മൽക്കീസേദെക് ഒരു രാജാവായിരുന്നു, അവന്റെ പേര് അർഥമാക്കുന്നത് നീതിയുടെ രാജാവെന്നാണ്. യെശയ്യാവ് 32:1-ലെ നീതിയുടെ രാജാവെന്ന ശീർഷകം കർത്താവായ യേശുവിനെയും പരാമർശിക്കുന്നുവെന്നു നാം കാണുന്നു. ക്രിസ്തുവാണ് നീതിയുടെ രാജാവ്, ഇന്നത്തെ മൽക്കീസേദെക്ക്. നീതിയുടെ രാജാവെന്ന നിലയിൽ ക്രിസ്തു ദൈവത്തോടും അന്യോന്യവുമുള്ള സകല കാര്യങ്ങളെയും നീതിയുക്തമാക്കിയിരിക്കുന്നു. അവൻ മനുഷ്യനെ ദൈവത്തോടു നിരപ്പിക്കുകയും, മനുഷ്യനുവേണ്ടി ദൈവത്തെ പ്രീണിപ്പിക്കുകയും ചെയ്തു. നീതി സമാധാനത്തിൽ പരിണമിക്കുന്നു (യെശ. 32:17). തന്റെ നീതിയാൽ ക്രിസ്തു സമാധാനത്തിന്റെ ഫലം പുറപ്പെടുവിച്ചു.

## B. സമാധാനത്തിന്റെ രാജാവ്

മൽക്കീസേദെക്ക് സമാധാനത്തിന്റെ രാജാവെന്ന് അർഥമാക്കുന്ന ശാലേം രാജാവും കൂടിയാണ്, ക്രിസ്തു സമാധാനത്തിന്റെ രാജാവാണെന്നും അതു സൂചിപ്പിക്കുന്നു (യെശ. 9:6). നീതിയിലൂടെ സമാധാനത്തിന്റെ രാജാവെന്ന നിലയിൽ, ക്രിസ്തു ദൈവത്തിനും നമുക്കുമിടയിൽ സമാധാനം കൊണ്ടുവന്നിരിക്കുന്നു. നമ്മുടെ ആസ്വാദനത്തിനുവേണ്ടി ദൈവത്തെ നമുക്കു ശുശ്രൂഷിച്ചുകൊണ്ട് തന്റെ പൗരോഹിത്യ ശുശ്രൂഷ അവൻ സമാധാനത്തിൽ നിറവേറ്റുന്നു.

## C. ഒരു രാജകീയ ഗോത്രത്തിൽനിന്നുള്ളവൻ

അഹരോനോ അവന്റെ പിൻതുടർച്ചക്കാരിൽ ആരെങ്കിലുമോ ഒരിക്കലും ഒരു രാജാവായിരുന്നിട്ടില്ല. അവർ കേവലം പുരോഹിതന്മാരായിരുന്നു. അവർ രാജകീയ ഗോത്രത്തിൽ നിന്നുള്ളവരല്ല, പുരോഹിത ഗോത്രത്തിൽ നിന്നുള്ളവരായിരുന്നു. യെഹൂദാഗോത്രം രാജകീയ ഗോത്രവും ലേവീഗോത്രം പുരോഹിത ഗോത്രവുമായിരുന്നു. ക്രിസ്തു യെഹൂദാഗോത്രത്തിൽനിന്നു വന്നു (7:13-14). അതിനാൽ നാം അവനെ അഹരോനു തുല്യനായി കണക്കാക്കരുത്, കാരണം അവൻ അഹരോന്റെ ഗോത്രത്തിൽ പ്പെടുന്നവനല്ല. ക്രിസ്തു ഒരു രാജകീയ പുരോഹിതനാണ്.

## D. രാജത്വത്തെ പൗരോഹിത്യവുമായി സംയോജിപ്പിക്കുന്നു

ക്രിസ്തു മഹാപുരോഹിതനാണെങ്കിലും അവന്റെ പദവി ഒരു രാജാവിന്റേതാണ്. അവൻ ഒരു പുരോഹിതനായി പ്രവർത്തിക്കു മ്പോൾത്തന്നെ, ഒരു രാജാവുമാണ്. അവൻ പുരോഹിതനായി രിക്കാനുള്ള രാജാവാണ്; അതിനാൽ അവന്റെ പൗരോഹിത്യം രാജോചിതവും രാജകീയവും ആണ് (1 പത്രൊ. 2:9). ദൈവത്തിന്റെ കെട്ടിടത്തിനും അവന്റെ മഹത്വത്തിനുംവേണ്ടി അവൻ

രാജത്വത്തെ പൗരോഹിത്യത്തോട് സംയോജിപ്പിക്കുന്നു (സെഖ. 6:13). ക്രിസ്തുവിന്റെ രാജത്വം നീതിയിലൂടെ സമാധാനപരമായ ക്രമം പാലിക്കുന്നു. ഈ സമാധാനപരമായ ക്രമം ദൈവത്തിന്റെ കെട്ടിടത്തിന് അനിവാര്യമാണ്. ദൈവഭവനത്തിന്റെ നിർമാണം സമാധാനപരമായ ഒരു സാഹചര്യത്തിലാണ്. ക്രിസ്തുവിന്റെ പൗരോഹിത്യം ദൈവത്തിന്റെ കെട്ടിടത്തിന് ആവശ്യമായ എല്ലാ സഹായങ്ങളും ശുശ്രൂഷിക്കുന്നു. ഇതിൽ അവന്റെ തേജസ്സ് ആവിഷ്കരിക്കപ്പെടുന്നു.

ദയനീയരായ പാപികൾക്കുവേണ്ടി യാഗങ്ങൾ അർപ്പിക്കുന്ന ഒരു പുരോഹിതൻ രാജാവായിരിക്കേണ്ട ആവശ്യമില്ല. അങ്ങനെ ഒരു പുരോഹിതൻ ഉണ്ടായിരിക്കേണ്ടതിന്, നിങ്ങൾക്ക് നീതിയുടെ രാജാവിനെയോ സമാധാനത്തിന്റെ രാജാവിനെയോ ആവശ്യമില്ല. എന്നാൽ, മഹാപുരോഹിതൻ പ്രക്രിയാവിധേയനായ ദൈവത്തെ വിജയിയായ ഒരു പോരാളിക്കു ശുശ്രൂഷിക്കണമെങ്കിൽ, അവൻ നീതിയുടെ രാജാവും സമാധാനത്തിന്റെ രാജാവും ആയിരിക്കണം.

മൽക്കീസേദെക് അബ്രാഹാമിന്റെ അടുത്തുവന്ന് പ്രക്രിയാവിധേയനായ ദൈവത്തെ ശുശ്രൂഷിക്കുന്നതിനുമുമ്പ് ദൈവം അബ്രാഹാമിന്റെ അടുക്കൽ വന്നില്ലെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? വൈകുന്നേരം നിങ്ങൾ മൽക്കീസേദെക്കിനോടുകൂടെ അല്പം സമയം ചെലവഴിക്കണമെന്ന് ഞാൻ നേരത്തെ പറഞ്ഞിരുന്നു. രാവിലെയും ഉച്ചകഴിഞ്ഞും ദൈവം നിങ്ങളുടെ അടുക്കൽ വരുന്നില്ല എന്ന് ഇത് അർഥമാക്കുന്നില്ല. ഉല്പത്തി 14:20 പറയുന്നു, "നിന്റെ ശത്രുക്കളെ നിന്റെ കയ്യിൽ ഏല്പിച്ച അത്യുന്നതനായ ദൈവം സ്തുതിക്കപ്പെടുമാറാകട്ടെ." അബ്രാഹാമിന് അവനാൽത്തന്നെ കെദൊർലായോമെരിനെയും മറ്റു രാജാക്കന്മാരെയും സംഹരിക്കുവാൻ കഴിഞ്ഞുവെന്ന് നിങ്ങൾ ചിന്തിക്കരുത്. അവൻ അത് സ്വയം ചെയ്തില്ല. ഉല്പത്തി 14:22 അനുസരിച്ച്, യുദ്ധം ചെയ്യുവാൻ അബ്രാഹാം പുറപ്പെടുന്നതിനുമുമ്പ് അവൻ അത്യുന്നതനായ ദൈവത്തിങ്കലേക്ക് തന്റെ കൈ ഉയർത്തി. ഇതർഥമാക്കുന്നത് അവൻ ശത്രുക്കളോട് യുദ്ധം ചെയ്യുന്നതിനുമുമ്പ് ദൈവത്തെ ബന്ധപ്പെട്ടു എന്നാണ്. അതിനാൽ ശത്രുക്കളെ സംഹരിച്ചത് അബ്രാഹാമായിരുന്നില്ല, ദൈവമായിരുന്നു.

അബ്രാഹാം ദൈവത്തിങ്കലേക്ക് തന്റെ കൈ ഉയർത്തിയപ്പോൾ ഉണ്ടായിരുന്ന സാഹചര്യം നീതിയും സമാധാനവും ഇല്ലാത്തതായിരുന്നു. ലോത്തിനെയും അവന്റെ സകല വസ്തുവകകളെയും ശത്രുക്കൾ പിടിച്ചെടുത്തതുകൊണ്ട് അവിടെ നീതി ഇല്ലായിരുന്നു. ശത്രുക്കൾ പരാജയപ്പെടാതിരുന്നതുകൊണ്ട് അവിടെ സമാധാനം ഇല്ലായിരുന്നു. എന്നാൽ യുദ്ധം ചെയ്യുവാൻ അബ്രാഹാം പുറപ്പെട്ടപ്പോൾ അവൻ ദൈവത്തിൽ

ആശ്രയിച്ചു. അബ്രാഹാം ശത്രുക്കളെ സംഹരിക്കുകയും മൽക്കീസേദെക്ക് അവനെ എതിരേൽക്കുകയും ചെയ്തശേഷം അവിടെ നീതിയും സമാധാനവും ഉണ്ടായിരുന്നു. ആരാണ് ഈ നീതിയും സമാധാനവും കൊണ്ടുവന്നത്? അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനായ മൽക്കീസേദെക്ക്. അബ്രാഹാം കെദൊർലായോമെരിനെയും മറ്റു രാജാക്കന്മാരെയും സംഹരിച്ചു കൊണ്ടിരിക്കുമ്പോൾ മൽക്കീസേദെക്ക് പ്രാർഥിക്കുകയായിരുന്നി രിക്കണം. അവന്റെ പക്ഷവാദം മുഖാന്തരമായിരിക്കണം നീതിയും സമാധാനവും കൊണ്ടുവരപ്പെട്ടത്.

അബ്രാഹാം യുദ്ധം ചെയ്തുകൊണ്ടിരുന്നപ്പോൾ മൽക്കീസേദെക്ക് ഉറങ്ങുകയായിരുന്നുവെന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? അബ്രാഹാം ജയം നേടിയശേഷം മൽക്കീസേദെക്ക് പെട്ടെന്നുണർന്ന് അവന് അപ്പവും വീഞ്ഞും ശുശ്രൂഷിക്കുവാൻ തിടുക്കത്തിൽ വന്നുവെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ? ഞാൻ ഇതു വിശ്വസിക്കുന്നില്ല. അബ്രാഹാം ശത്രുക്കളോട് യുദ്ധം ചെയ്യുമ്പോൾ മൽക്കീസേദെക്ക് അവനുവേണ്ടി പ്രാർഥിക്കുകയാ യിരുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. അത്യുന്നതനായ ദൈവം മൽക്കീസേദെക്കിന്റെ പ്രാർഥനകൾക്ക് ഉത്തരം നൽകുകയും അബ്രാഹാമിന്റെ ശത്രുക്കളെ അവന്റെ കൈകളിലേക്ക് ഏല്പിക്കുകയും ചെയ്തു. ഈ പക്ഷവാദത്തിനും അബ്രാഹാമിന്റെ വിജയത്തിനും ശേഷം മൽക്കീസേദെക്ക് പ്രത്യക്ഷനായി. ഒരുപക്ഷേ അവൻ പറഞ്ഞുകാണും, "അബ്രാഹാമേ, സുഖമാണോ? ഞാൻ നിനക്കുവേണ്ടി പ്രാർഥിക്കുകയായിരുന്നതുകൊണ്ട് നിനക്ക് സുഖമാണെന്ന് എനിക്കറിയാം. നീ ക്ഷീണിതനാണോ? ഞാൻ നിനക്ക് അപ്പവും വീഞ്ഞും ശുശ്രൂഷിക്കുവാൻ വന്നിരിക്കുന്നു."

നിങ്ങൾ എബ്രായർ 7 വീണ്ടും വായിക്കുന്നുവെങ്കിൽ, മഹാപുരോഹിതനായി നമ്മെ ശുശ്രൂഷിക്കുന്ന ക്രിസ്തുവാണ് പക്ഷവാദം ചെയ്യുന്നവനെന്ന് നിങ്ങൾ കാണും. നിങ്ങൾ പകൽ സമയത്ത് യുദ്ധം ചെയ്യുകയും, പ്രതിലോമ കാര്യങ്ങളെ സംഹരിക്കുകയും ചെയ്യുമ്പോൾ, മഹാപുരോഹിതനായ ക്രിസ്തു നിങ്ങൾക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. 7:25-ൽ ഇത് വ്യക്തമായി പരാമർശിച്ചിരിക്കുന്നു. ദിവസത്തിന്റെ അവസാനം, നിങ്ങളുടെ പോരാട്ടം നിങ്ങൾ പൂർത്തിയാക്കുകയും അവന്റെ പക്ഷവാദം അവൻ പൂർത്തിയാക്കുകയും ചെയ്യുമ്പോൾ, നിങ്ങളുമായി നല്ലൊരു സമയം ഉണ്ടായിരിക്കുന്നതിന് അവൻ അപ്പവും വീഞ്ഞുമായി നിങ്ങളുടെ അടുക്കൽ വരുന്നു. ഇതാണ് നമ്മുടെ മഹാപുരോഹിതൻ. വിജയി യുദ്ധം ചെയ്തുകൊണ്ടിരിക്കുമ്പോൾ, മൽക്കീസേദെക്ക് നിരീക്ഷിക്കുകയും പക്ഷവാദം ചെയ്യുകയും ആയിരുന്നു. അവൻ അബ്രാഹാമിന്റെ വിജയം കാണുകയും, അപ്പവും വീഞ്ഞുമായി എപ്പോൾ വരണമെന്ന് അറിയുകയും

ചെയ്തിരുന്നു. നിങ്ങൾ മുൻവശം കാണുന്നുണ്ടെങ്കിൽ പിൻവശം സ്വതവേ അറിയാമെന്നതുകൊണ്ട് വേദപുസ്തകത്തിന് ചില കാര്യങ്ങൾ നമ്മോടു പറയേണ്ട ആവശ്യമില്ല. എന്റെ മുഖത്തിന്റെ മുൻഭാഗം നിങ്ങൾ കാണുന്നുവെങ്കിൽ എന്റെ തലയുടെ പിൻഭാഗത്തെക്കുറിച്ച് നിങ്ങൾക്ക് ചിലത് അറിയാമായിരിക്കും. ശുശ്രൂഷിക്കുന്ന മൽക്കീസേദെക്ക് പക്ഷവാദം ചെയ്യുന്ന മഹാപുരോഹിതനും ആയിരുന്നിരിക്കണം. ഇന്ന് ക്രിസ്തുവിൽ നമുക്കുള്ളത് ഇത്തരത്തിലുള്ള മഹാപുരോഹിതനാണ്.

നമ്മുടെ മഹാപുരോഹിതനായ ക്രിസ്തു അഹരോന്റെ ക്രമപ്രകാരമല്ല, മൽക്കീസേദെക്കിന്റെ ക്രമപ്രകാരമാണ്. അഹരോൻ കഴിഞ്ഞുപോയി. നിരവധി ക്രിസ്ത്യാനികൾ ഇപ്പോഴും കഴിഞ്ഞുപോയ അഹരോനെ പിടിച്ചുകൊള്ളുന്നുവെന്നു പറയേണ്ടി വരുന്നതിൽ ഞാൻ ഖേദിക്കുന്നു. എത്ര ക്രിസ്ത്യാനികൾക്ക് ഇപ്പോഴത്തെ മൽക്കീസേദെക്കുണ്ട്? വളരെ കുറച്ചുപേർക്കു മാത്രം. നാം ഇപ്പോഴത്തെ മൽക്കീസേദെക്കിനാൽ മുഴുകിയിരിക്കണം. മൽക്കീസേദെക്ക് നമ്മുടെ പാപങ്ങൾക്കുവേണ്ടി ദൈവത്തിന് യാഗങ്ങൾ അർപ്പിക്കുക എന്ന ഉദ്ദേശ്യത്തിനുവേണ്ടിയല്ല, പ്രത്യുത പ്രക്രിയാവിധേയനായ ദൈവത്തെ കൃപയായി നമുക്കു ശുശ്രൂഷിക്കുവാൻ വേണ്ടിയത്രേ. ഇപ്പോൾ പാപം അവസാനിച്ചു, കൃപ ഇവിടെയുണ്ട്. പാപം പോകുകയും ദൈവത്തിന്റെ ആസ്വാദനം വരുകയും ചെയ്തു. ഇനി പാപത്തിനുവേണ്ടി യാഗങ്ങൾ അർപ്പിക്കുന്ന കാര്യമില്ല, പിന്നയോ നമ്മുടെ ആസ്വാദനത്തിനുവേണ്ടി അപ്പവും വീഞ്ഞും ശുശ്രൂഷിക്കുന്ന കാര്യമാണുള്ളത്. ഇതാണ് എബ്രായലേഖനത്തിലെ പൗരോഹിത്യം.

അനേകം ക്രിസ്ത്യാനികൾ ഇപ്പോഴും അഹരോനോടുകൂടെ ആയിരിക്കുമ്പോൾ, നാം ഉല്പത്തി 14-ലേക്ക് പ്രത്യുദ്ധരിക്കപ്പെടണം. എബ്രായലേഖനം ഉല്പത്തി 14-ന്റെ തുടർച്ചയാണ്. ഈ രണ്ടു പുസ്തകങ്ങൾക്കിടയിൽ സങ്കീർത്തനം 110 എന്ന ഒരു പാലമുണ്ട്. ഉല്പത്തി 14-ൽ നിന്ന് ലേവ്യാപുസ്തകത്തിലൂടെ കടന്ന് നമ്മെ എബ്രായലേഖനത്തിലേക്കു കൊണ്ടുവരുന്ന പാലമാണ് സങ്കീർത്തനം 110. നമ്മുടെ മഹാപുരോഹിതനായ സ്വർഗീയ ക്രിസ്തുവിനെ സംബന്ധിച്ച എബ്രായലേഖനം ഈ സങ്കീർത്തനത്തെ നിരവധി തവണ പരാമർശിക്കുന്നു.

നമ്മുടെ മൽക്കീസേദെക് പ്രക്രിയാവിധേയനായ ദൈവത്തെ നമുക്കു ശുശ്രൂഷിക്കുന്നതിനുമുമ്പ്, നാം നമ്മുടെ വാൾ എടുത്ത് ശത്രുക്കളെ സംഹരിക്കേണ്ടതിന് പ്രാർഥിച്ചുകൊണ്ട്, അവൻ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. നാം സ്വയത്തെയും, സ്വാഭാവിക മനസ്സിനെയും, വന്യമായ വികാരത്തെയും, ശാഠ്യമുള്ള ഇച്ഛയെയും, മറ്റു ശത്രുക്കളെയും സംഹരിക്കണം. നാം ശത്രുക്കളെ സംഹരിച്ചുകൊണ്ടിരിക്കുമ്പോൾ, അവൻ നമുക്കുവേണ്ടി പക്ഷവാദം

ചെയ്യുന്നു. നമ്മുടെ സംഹാരം പൂർത്തിയാക്കുമ്പോൾ, അവൻ തന്റെ പക്ഷവാദത്തെ അപ്പവും വീഞ്ഞും ശുശ്രൂഷിക്കുന്നതിലേക്കു മാറ്റും. ശരിയായ ക്രിസ്തീയജീവിതം പകൽ സമയത്ത് ശത്രുക്കളെ സംഹരിക്കുന്നതും, വൈകുന്നേരം അപ്പവും വീഞ്ഞുംകൊണ്ടുള്ള നമ്മുടെ മൽക്കീസേദെക്കിന്റെ ശുശ്രൂഷ ആസ്വദിക്കുന്നതുമാണ്. എല്ലാ ദിവസത്തിന്റെയും അവസാനം, സംഹാരവും പക്ഷവാദവും നിവർത്തിയായികഴിയുമ്പോൾ, നീതിയിലും സമാധാനത്തിലും അപ്പവും വീഞ്ഞും ആസ്വദിക്കുവാൻ അവനും നമുക്കും, നമുക്കും അവനും, ഒരു നല്ല സമയം ഉണ്ടായിരിക്കും.

മൽക്കീസേദെക്ക് നീതിയുടെ രാജാവും സമാധാനത്തിന്റെ രാജാവുമായിരുന്നു. അവൻ വന്നശേഷം നീതിയും സമാധാനവും ഉണ്ടായിരുന്നു. നീതിയുടെയും സമാധാനത്തിന്റെയും ഇങ്ങനെയൊരു അന്തരീക്ഷത്തിലും അവസ്ഥയിലായിരുന്നു മൽക്കീസേദെക്ക് ജയിച്ചുവന്നവന് അപ്പവും വീഞ്ഞും ശുശ്രൂഷിച്ചത്. ഇന്നും അങ്ങനെതന്നെയാണ്. നാം നീതിക്കുവേണ്ടി പോരാടണം, അപ്പോൾ നീതി സമാധാനത്തിൽ പരിണമിക്കും. ക്രമേണ നമ്മുടെ പരിതസ്ഥിതിയും അവസ്ഥയും, നീതിയും സമാധാനവുംകൊണ്ടു നിറഞ്ഞതായിരിക്കുകയും, നമ്മോടുകൂടെ ഒരു നല്ല സമയം ഉണ്ടായിരിക്കേണ്ടതിന് നമ്മുടെ മൽക്കീസേദെക്ക് പ്രത്യക്ഷപ്പെടുകയും ചെയ്യും. ഇതാണ് നമ്മുടെ രാജകീയ മഹാപുരോഹിതന്റെ ശുശ്രൂഷ.

## II. ശാശ്വതൻ

നമ്മുടെ രാജകീയ മഹാപുരോഹിതൻ ആരംഭമോ അവസാനമോ ഇല്ലാത്ത ശാശ്വതൻ, നിത്യൻ ആണ്. "അവനു പിതാവില്ല, മാതാവില്ല, വംശാവലിയില്ല; നാളുകളുടെ ആരംഭമോ ജീവന്റെ അവസാനമോ ഇല്ല, പിന്നെയോ ദൈവപുത്രനോടു സദൃശനായ, ഒരു പുരോഹിതനായി ശാശ്വതമായി വസിക്കുന്നു" എന്ന് മൽക്കീസേദെക്കിനെക്കുറിച്ച് എബ്രായർ 7:3 പറയുന്നു. ഉല്പത്തി 14 അനുസരിച്ച് മൽക്കീസേദെക്ക് പെട്ടെന്നു പ്രത്യക്ഷനാകുകയും പിന്നീട് അപ്രത്യക്ഷനാകുകയും ചെയ്യു. അവന് വരവോ പോക്കോ, നാളുകളുടെ ആരംഭമോ ജീവന്റെ അവസനമോ ഉണ്ടായിരുന്നില്ലെന്നു തോന്നുന്നു. നമ്മുടെ മൽക്കീസേദെക്ക് നിത്യനാകുന്നതുകൊണ്ട് അവന് വംശാവലി ഇല്ല. ഉല്പത്തിയിലെ പ്രധാനപ്പെട്ട എല്ലാ വ്യക്തികൾക്കും ഒരു വംശാവലി ഉണ്ട്, എന്നാൽ മൽക്കീസേദെക്കിന് ഇല്ല. ശാശ്വതമായി നമ്മുടെ മഹാപുരോഹിതനായിരിക്കുവാൻ, നിത്യനായ ക്രിസ്തുവിന്റെ ശരിയായ മുൻകുറിയായിരിക്കേണ്ടതിന് അവന്റെ നാളുകളുടെ ആരംഭത്തിന്റെയോ അവന്റെ ജീവാവസനത്തിന്റെയോ ഒരു രേഖയും പരിശുദ്ധാത്മാവു തന്റെ പരമാധികാരത്തിൽ ദിവ്യ രചനയിൽ നല്കിയില്ല.

നിത്യനായതിനാൽ വംശാവലിയില്ലാത്ത ദൈവപുത്രനെക്കുറിച്ചുള്ള യോഹന്നാന്റെ സുവിശേഷത്തിലെ അവതരണം പോലെയാണിത് (യോഹ. 1:1). എന്നാൽ മനുഷ്യപുത്രനെന്ന നിലയിൽ ക്രിസ്തുവിന് വംശാവലിയുണ്ട് (മത്താ 1:1-17; ലൂക്കോസ് 3:23-38). ഇങ്ങനെയുള്ള രാജകീയനും രാജോചിതനുമായ ഒരു ക്രിസ്തുവാണ് നമ്മുടെ ദൈനംദിന സഹായമായി പ്രക്രിയാവിധേയനായ ദൈവത്തെ നമുക്കു ശുശ്രൂഷിക്കുന്നത്. അവൻ ശാശ്വതനും, സ്ഥിരമായവനും, നിത്യനും, നാളുകളുടെ ആരംഭമോ ജീവന്റെ അവസാനമോ ഇല്ലാത്തവനുമാണ്. അവൻ വൈകുന്നേരം നമ്മുടെ അടുക്കൽ വരുകയും, നാം അവനെ അനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ, അവൻ അപ്രത്യക്ഷനായി എന്നു തോന്നുകയും ചെയ്യും. അവൻ ഒരിക്കലും നമ്മോട് വിടപറയുന്നില്ല, നാമും അവനോട് ഒരിക്കലും വിടപറയുന്നില്ല. എന്നാൽ അടുത്ത പ്രഭാതത്തിൽ നാം ഉണരുമ്പോൾ അവൻ അപ്പോഴും അവിടെ ഉണ്ടെന്നു നാം കണ്ടെത്തുന്നു. അവനെ സംബന്ധിച്ച് വരവോ പോക്കോ ഇല്ല. അവൻ ശാശ്വതമായി മഹാപുരോഹിതനായി വസിക്കുന്നു.

## III. വലിയവൻ

### A. അബ്രാഹാം ദശാംശം നൽകി

നമ്മുടെ മഹാപുരോഹിതനായ ക്രിസ്തു വലിയവനാണ്, അഹരോനെക്കാളും എല്ലാ ലേവിപുരോഹിതന്മാരെക്കാളും അവൻ വലിയവനാണ്. അവൻ അബ്രാഹാമിനെക്കാളും വലിയവനായിരുന്നു. ഉത്തമമായ കൊള്ളമുതലിന്റെ പത്തിലൊന്ന് അബ്രാഹാം മൽക്കീസേദെക്കിനു കൊടുത്തു എന്ന വസ്തുതയാൽ ഇതു തെളിയുന്നു (7:4, 6; ഉല്പ. 14:20). അബ്രാഹാം മൽക്കീസേദെക്കിന് ദശാംശം കൊടുത്തപ്പോൾ, അബ്രാഹാമിന്റെ കടിപ്രദേശത്തുണ്ടായിരുന്ന അവന്റെ പിൻതുടർച്ചക്കാരായ ലേവിപുരോഹിതന്മാരും, അബ്രാഹാമിൽ അവന് ദശാംശം കൊടുത്തു. അതുകൊണ്ട്, എല്ലാ ലേവിപുരോഹിതന്മാരും മൽക്കീസേദെക്കിനെക്കാൾ ചെറിയവരും, അഹരോന്റെ ക്രമം മൽക്കീസേദെക്കിന്റേതിനെക്കാൾ താണതും ആണ്.

### B. അബ്രാഹാമിനെ അനുഗ്രഹിക്കുന്നു

മൽക്കീസേദെക്ക് അബ്രാഹാമിനെ അനുഗ്രഹിച്ചു (7:6). വാക്യം 7 പറയുന്നു, "ചെറിയവൻ വലിയവനാൽ അനുഗ്രഹിക്കപ്പെടുന്നു എന്നതിന് ഒരു തർക്കവുമില്ലല്ലോ." ഇത് മൽക്കീസേദെക്കിന്റെ മാഹാത്മ്യത്തെ സൂചിപ്പിക്കുന്നു. അവൻ അബ്രാഹാമിനെക്കാൾ വലിയവനായിരിക്കുകയും, അനുഗ്രഹമായ ദൈവത്തെക്കൊണ്ട് അവനെ അനുഗ്രഹിക്കുകയും ചെയ്തു (ഉല്പ. 14:19).

## C. അബ്രാഹാമിനു മുമ്പെ ഉണ്ടായിരുന്നവൻ

ക്രിസ്തു പണ്ടേയുള്ളവനാണ്, അബ്രാഹാമിനെക്കാൾ മുമ്പേയുള്ളവനാണ്. യോഹന്നാൻ 8:58 ഇതു തെളിയിക്കുന്നു: "യേശു അവരോട്, സത്യം, സത്യമായി, ഞാൻ നിങ്ങളോടു പറയുന്നു, അബ്രാഹാം ഉളവായതിനുമുമ്പേ, ഞാൻ ആകുന്നു എന്നു പറഞ്ഞു" (പ്രത്യുദ്ധാര ഭാഷ്യം). ക്രിസ്തു അബ്രാഹാമിനെക്കാൾ വലിയവനാണെന്ന് ഇതിനാൽ നാം കാണുന്നു. അബ്രാഹാം ഉളവായതിനുമുമ്പേ ക്രിസ്തു ഉണ്ടായിരുന്നു. ക്രിസ്തു പ്രായമേറിയവനല്ല, പുരാതനനാണ്. നമ്മുടെ മൽക്കീസേദെക്കെന്ന നിലയിൽ ക്രിസ്തു അബ്രാഹാമിനെക്കാൾ പുരാതനനും വലിയവനുമാണ്. തന്മൂലം, അവൻ സകല അഹരോന്യ പുരോഹിതന്മാരെക്കാളും വലിയവനാണ്. നമ്മുടെ മഹാപുരോഹിതനായ ക്രിസ്തു ഇന്ന് പാപത്തിനുവേണ്ടി യാഗങ്ങൾ അർപ്പിക്കുന്നില്ല, പ്രത്യുത വിജയികളായ പോരാളികൾക്ക് പ്രക്രിയാവിധേയനായ ദൈവത്തെ ശുശ്രൂഷിക്കുന്നു. ഇതാണ് എബ്രായലേഖനത്തിലെ രാജകീയ പൗരോഹിത്യം.